# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഷോളയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.(പി.കെ.ഡി)- പി - 4/1880/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 28/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഷോളയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.(പി.കെ.ഡി)- പി - 4/1880/23 തീയ്യതി: 28/12/2023

## പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-03-2023 മുതൽ 01-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ വി കെ | ഡെപ്യൂട്ടി ഡയറക്ടർ | 02-12-2023 | 13-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-12-2023 | 13-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ബിജു ആന്റണി യു, ഓഡിറ്റ് ഓഫീസർ
2. കന്തസ്വാമി ഐ, ഓഡിറ്റർ
3. ഗോകുൽ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കൃഷ്ണകുമാർ .സി.എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.പി.രാമമൂർത്തി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ലാൽ.എസ് | അസി.സെക്രട്ടറി | 01-04-2022 | 23-04-2022 |
| ശ്രീ.ലാലീമോൻ.വി | അസി.സെക്രട്ടറി | 23-04-2022 | 31-03-2023 |
| ശ്രീ.രാജേഷ്.കെ.ടി | അസി.എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ.രഞ്ജിത്ത്.ഒ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സജിത.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.മറിയ ലൂക്കോസ് | വെറ്റിനറി സർജൻ | 01-04-2022 | 20-02-2023 |
| ഡോ.ഡെന്നീസ് ജോർജ്ജ് | വെറ്റിനറി സർജൻ | 20-02-2023 | 31-03-2023 |
| ഡോ.ശ്രീജ.ജെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 17-06-2022 |
| ഡോ.ശ്രീരാഗ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 17-06-2022 | 31-03-2023 |
| ഡോ.സിന്ധുമോൾ.കെ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 20-04-2022 |
| ഡോ.ശ്രീവിലാസ്.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20-04-2022 | 23-07-2022 |
| ഡോ.ശെൽവൻ.എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 23-07-2022 | 04-03-2023 |
| ഡോ.വിനീത.കെ.ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04-03-2023 | 31-03-2023 |
| ഡോ.ജയകുമാർ.വി.എൽ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2022 | 30-04-2022 |
| ഡോ.ഷിനോജ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-05-2022 | 10-06-2022 |
| ഡോ.വൈശാഖ്.ആർ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 10-06-2022 | 31-03-2023 |
| ശ്രീമതി.ശെൽവി എ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അഭിജിത്ത്.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ധന്യ.ടി.എസ്സ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 07-06-2022 |
| ശ്രീമതി.സുകന്യ.കെ.ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 07-06-2022 | 10-01-2023 |
| ശ്രീമതി.ഹയറുന്നീസ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10-01-2023 | 31-03-2023 |
| ശ്രീ.പ്രസീദ്.എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.നാരായണൻ പച്ചത്ത് | പ്രധാന അധ്യാപകൻ | 01-04-2022 | 01-07-2022 |
| ശ്രീമതി.ഹസീന മുംതാസ് | പ്രധാന അധ്യാപിക | 02-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രികയോടൊപ്പം എല്ലാ ഷെഡ്യൂളുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-3 |
| 5 | ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിച്ചിട്ടില്ല | 1-1-5 |
| 7 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം | 1-10 |
| 17 | വസ്തു നികുതി പരിഷ്കരണം | 1-11 |
| 18 | MSME കളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-11-1 |
| 19 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-11-2 |
| 20 | അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-11-3 |
| 21 | സേവന നികുതി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് സർവ്വീസ് ചാർജ്ജ് എന്നിവ ചുമത്തൽ | 1-11-4 |
| 22 | തൊഴിൽ നികുതി പിരിവ് | 1-12 |
| 23 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-12-1 |
| 24 | നികുതിയേതര വരവുകൾ | 1-13 |
| 25 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-14 |
| 26 | ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-14-1 |
| 27 | അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം | 1-14-2 |
| 28 | 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 1-14-3 |
| 29 | റിസോർട്ടുകളുടെയും ഹോംസ്റ്റേകളുടെയും ലൈസൻസ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-14-4 |
| 30 | ഹോമിയോ ആശുപത്രിയിലെ മരുന്നു വാങ്ങൽ - മരുന്നുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ് | 1-15 |
| 31 | എ ബി സി പദ്ധതി | 1-16 |
| 32 | നിർമ്മാണപ്രവർത്തികൾ അക്രഡിറ്റഡ് ഏജൻസി മുഖേന നിർവഹണം നടത്തുന്നത് സംബന്ധിച്ച് | 1-17 |
| 33 | കോട്ടത്തറ ജിംനേഷ്യം അധികസൗകര്യമൊരുക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-18 |
| 34 | ഡെപ്പോസിറ്റ് പ്രവൃത്തികൾ– വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 35 | ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-20 |

| | | |
|---|---|---|
| 36 | അഗതി രഹിത കേരളം പദ്ധതിക്കായി കുടുംബശ്രീക്ക് നൽകിയ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-21 |
| 37 | ബാലസഭ പ്രവർത്തനം-അധികതുക ചെലവഴിച്ചു | 1-22 |
| 38 | വിനിയോഗ വിവരം ലഭ്യാക്കിയിട്ടില്ല. | 1-23 |
| 39 | ഇ-ടെൻഡർ ഫീസ് തനത്ഫണ്ടിൽ അടവാക്കിയിട്ടില്ല. | 1-24 |
| 40 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-25 |
| 41 | ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ വാങ്ങിയത് വിതരണം ചെയ്തിട്ടില്ല. | 1-26 |
| 42 | തൊഴിലുറപ്പ് പദ്ധതി | 1-27 |
| 43 | മരാമത്ത് പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. | 1-28 |
| 44 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. | 1-29 |
| 45 | ഒഡിഎഫ് പ്ലസ് പദ്ധതി പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിച്ചില്ല | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 12.09.23 തിയതിയിലെ കമ്മിറ്റി തീരുമാനം -1 പ്രകാരം തയ്യാറാക്കി 12.09.23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തീയതി : 28.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1–1–1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികകൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

**1-1-2 വാർഷിക ധനകാര്യ പത്രികയോടൊപ്പം എല്ലാ ഷെഡ്യൂളുകളും ഉൾപ്പെടുത്തിയിട്ടില്ല.**

വാർഷിക ധനകാര്യ പത്രികക്കൊപ്പം തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് (B1 Schedule) ഉൾപ്പെടുത്തിയിട്ടില്ല.

**1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9766056.00 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4254214.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-4 ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല**

2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിച്ചിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

**1-1-6 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല**

ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഡിപ്രിസിയേഷൻ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

**1-2 ബജറ്റ്**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച **'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ'** അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

24.03.2022-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം.1 പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹18,32,091 |
| തൻവർഷം വരവ് | ₹43,13,44,000 |
| ആകെ വരവ് | ₹43,31,76,091 |
| ചെലവ് | ₹42,90,16,000 |
| നീക്കിയിരിപ്പ് | ₹41,60,091 |

27.03.2023-ന് ചേർന്ന ധനകാര്യ സ്ഥിരം സമിതി യോഗത്തിലെ തീരുമാനം നം.1(1) പ്രകാരം 2022-23 വർഷത്തെ ബജറ്റ് പരിഷ്കരിച്ചത് അംഗീകരിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹18,32,091 |
| തൻവർഷം വരവ് | ₹52,82,66,722 |
| ആകെ വരവ് | ₹53,00,98,813 |
| ചെലവ് | ₹52,79,71,172 |
| നീക്കിയിരിപ്പ് | ₹21,27,641 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹3,32,59,285 |
| വരവ് | ₹6,71,92,884 |
| ആകെ | ₹10,04,52,169 |
| ചെലവ് | ₹5,74,26,828 |
| നീക്കിയിരിപ്പ് | ₹4,30,25,341 |

കുറിപ്പ്: വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പെയ്മെന്റ് പ്രകാരമുള്ള കണക്കുകളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. നിലവിൽ ട്രഷറിമുഖേനയുള്ള വരവുകളും ചെലവുകളും റസീപ്റ്റ് & പെയ്മെന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തതിനാൽ മേൽ കണക്കുകൾ പഞ്ചായത്തിന്റെ യഥാർത്ഥ വരവ് ചെലവ് കണക്കുകളെ പ്രതിഫലിപ്പിക്കുന്നില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 50001988 | 50001988 | 41764552 | 8237436 | 83.52 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2926426 | 2926426 | 2877200 | 49226 | 98.31 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 23817479 | 23817479 | 21374269 | 2443210 | 89.74 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3565500 | 3565500 | 539856 | 3025644 | 15.14 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 10272000 | 10272000 | 7490721 | 2781279 | 72.92 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ബാങ്ക്* | 695792 | 9586027 | 10281819 | 7951087 | 2330732 | 82.94 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 753070 | 753070 | 196090 | 556980 | 26.03 |

| | | | | | | |
|---|---|---|---|---|---|---|
| (അൺടൈഡ്) ട്രഷറി | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ബാങ്ക്** | 9280870 | 13770124 | 23050994 | 3194430 | 19856564 | 23.19 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ട്രഷറി | . | 4019972 | 4019972 | 2359513 | 1660459 | 58.69 |

(*) അൺടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 9040000 രൂപയാണ്. പലിശയിനത്തിൽ ലഭ്യമായ 546027 രൂപ കൂടി ഉൾപ്പെടുത്തിയാണ് വാർഷിക കണക്കിൽ വരവ് 9586027ചേർത്തിട്ടുള്ളത്.

(**) ടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 13560400രൂപയാണ്. പലിശയിനത്തിൽ ലഭ്യമായ 210124 രൂപ കൂടി ഉൾപ്പെടുത്തിയാണ് വാർഷിക കണക്കിൽ വരവ് 13770124ചേർത്തിട്ടുള്ളത്.

**തൊഴിലുറപ്പ് പദ്ധതി**

| ഫണ്ടിനം എം.എൻ.ആർ. ഇ.ജി.എസ്. | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3029 | 1475251 | 1478280 | 1477180 | 1100 |
| എം.എൻ.ആർ. ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം | 0 | 125664049 | 125664049 | 125664049 | 0 |
| മെറ്റീരിയൽവർക്ക് (ക്യാപിറ്റൽ കോൺട്രിബ്യൂഷൻ) | | 2809858 | 2809858 | 2809858 | |
| **ആകെ** | **3029** | **129949158** | **129952187** | **129951087** | **1100** |

**കേന്ദ്രാവിഷ്കൃതം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 4831389 | 1237790 | 6069179 | 4280 | 6064899 |
| ശുചിത്വ മിഷൻ TSC | 450006 | 0 | 450006 | 0 | 450006 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 5939372 | 0 | 5939372 | 48000 | 5891372 |
| സമ്പൂർണ്ണ ശുചിത്വം | 140000 | 0 | 140000 | 140000 | 0 |
| ഹെൽത്ത് ഗ്രാന്റെ (Support For Diagnostic Infrastructure) | 0 | 411847 | 411847 | 307974 | 103873 |
| ഹെൽത്ത് ഗ്രാന്റെ (Conversion Of PHCs) | 0 | 263711 | 263711 | 228545 | 35166 |

എ.സി.ആർ പ്രകാരമുള്ള വരവുകളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി, ടി.എസ്.പി, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് & അൺടൈഡ് എന്നിവ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 211 | 326868513 | 144 | 132724269 | - | 67 | 68.24 |

നിർവ്വഹണോദ്യോഗസ്ഥർ തൻവർഷം നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവഹണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 13 | 1 | 10016350 | 7433633 | 74.21 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 0 | 14455000 | 6395109 | 44.24 |
| MO (PHC) | 11 | 11 | 0 | 4547813 | 3368129 | 74.06 |
| MO (AYUR) | 4 | 4 | 0 | 1212000 | 1212000 | 100 |
| MO (Homeo) | 2 | 2 | 0 | 165000 | 165000 | 100 |
| VEO | 17 | 4 | 13 | 192265511 | 52944604 | 27.53 |
| ICDS | 8 | 8 | 0 | 6274672 | 4604111 | 73.37 |
| DEO | 1 | 1 | 0 | 3269520 | 3269520 | 100 |
| സെക്രട്ടറി | 34 | 29 | 5 | 20801353 | 19677729 | 94.59 |
| അസി.എൻജി. | 102 | 54 | 48 | 65689091 | 25494352 | 38.81 |
| HM | 6 | 6 | 0 | 6049652 | 6041985 | 99.87 |
| അസി.സെക്രട്ടറി | 6 | 6 | 0 | 2122551 | 2118097 | 99.79 |
| ആകെ | 211 | 144 | 67 | 326868513 | 132724269 | 40.60 |

## 1-6 തൊഴിലുറപ്പ് പദ്ധതി

**തൊഴിലുറപ്പ് പദ്ധതി**

| ഫണ്ടിനം എം.എൻ.ആർ.ഇ.ജി.എസ്. | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3029 | 1475251 | 1478280 | 1477180 | 1100 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 125664049 | 125664049 | 125664049 | 0 |
| മെറ്റീരിയൽവർക്ക് (ക്യാപിറ്റൽ കോൺട്രിബ്യൂഷൻ) | | 2809858 | 2809858 | 2809858 | |
| **ആകെ** | **3029** | **129949158** | **129952187** | **129951087** | **1100** |

* വാർഷികധനകാര്യപത്രിക പ്രകാരമുള്ള ചെലവ് 1477137/- രൂപയാണ്. പലിശ ഇനത്തിലെ തുകയായ 43/- രൂപ ജേർണലൈസ് ചെയ്യാത്തതിലെ പിഴവ് മൂലമാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 71,400 | 8 |
| 2 | വിധവാ പെൻഷൻ | 1,00,10,800 | 959 |
| 3 | വാർദ്ധക്യകാല പെൻഷൻ | 2,04,62,400 | 1917 |
| 4 | വികലാംഗ പെൻഷൻ | 17,00,200 | 155 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ | 72000 | 8 |

| | |
|---|---|
| | വനിതകൾക്കുള്ള പെൻഷൻ |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.12.2023 തീയ്യതിയിൽ 3pm സമയത്ത് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 976/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വസ്തു നികുതി പരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തി വരുമാനവർദ്ധനവിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് ലഭ്യമായ വിവിധ ഗ്രാന്റുകൾ പൂർണ്ണമായും ചെലവഴിക്കുവാൻ കഴിഞ്ഞിട്ടില്ല. സമയബന്ധിതമായി ഗ്രാന്റുകൾ ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

വാർഷികകണക്ക് സമയബന്ധിതമായി സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

2009-10 മുതൽ 2013-14 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് 5-5-2014 മുതൽ 13-5-2014 വരെയുള്ള തിയതികളിൽ നടത്തിയിട്ടുണ്ട്. 12/2020 മുതൽ 1/2022 വരെ യുള്ള കാലയളവിലെ പെർഫോമൻസ് ഓഡിറ്റ് 22.04.2022ന് നടത്തിയിട്ടുണ്ട്.

## 1-11 വസ്തു നികുതി പരിഷ്കരണം

2011 ലെ കേരള പഞ്ചായത്ത്രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും 2013 ലെ ഭേദഗതി ചട്ടങ്ങളും വിവിധ ഘട്ടങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും ഉത്തരവുകളും പ്രകാരമുള്ള വസ്തു നികുതി, നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് നിർണ്ണയിക്കുന്നത്. വസ്തു നികുതി ഡാറ്റയുടെ കൃത്യതയും 2023 ൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചതിന്റെ കാര്യക്ഷമതയും വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 - വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം.

1. 2023 ലെ വസ്തുനികുതി പരിഷ്കരണം - പ്രധാന നിർദ്ദേശങ്ങളും അവ നടപ്പാക്കിയതിന്റെ വിവരവും.

**എ) വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ**

എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

**ബി) കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ**

മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് വിവരം ഫോറം 9ബി പ്രകാരം 15-05-2023 തീയതിക്കുള്ളിൽ അറിയിക്കാവുന്നതാണ്. എന്നാൽ ഫോറം 9B യിൽ നാളിതുവരെ 57 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്.

**സി) കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന**

ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തു ന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. എന്നാൽ ഫീൽഡ് പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല.

**ഡി) വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യത യുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്.**

3 ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തി 2 പേരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ആരും സന്നദ്ധത അറിയിച്ചിട്ടില്ല.

**ഇ) വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം**

5% വർദ്ധനവ് വരുത്തിയതല്ലാതെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരിക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേക്ക് കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

ഉത്തരവുകൾ കണക്കിലെടുത്ത് 12/05/2023 തീയതിയിലെ ജെ സി1-1707/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 04/08/2023 തീയതിയിലെ ജെ സി 1-1707/2023 നം. ഉത്തരവ് പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് വില്ലേജ് ഓഫീസിലും പത്രങ്ങളിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.
അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

**എഫ്) വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും**

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവ പുതുക്കി നിശ്ചയിച്ചിട്ടുണ്ട് .

**ജി) നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോധന**

അനധികൃത ഇളവുകൾ നൽകിയതായി കാണുന്നില്ല.

**എച്ച്) അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി**

യു.എ രജിസ്റ്റർ പ്രകാരം 6 അനധികൃത കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്. സഞ്ചയ ഡാറ്റ

പ്രകാരം 4 കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കി വരുന്നുണ്ട്. കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

**ഐ) മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത**

ഗ്രാമപഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. ച.മീറ്ററിന് 500 രൂപ നിരക്കാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. വസ്തു നികുതിയിനത്തിൽ 2022-23 വർഷം വരെ ₹42,460/- രൂപ കുടിശ്ശിക ഉണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

- വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടു ത്തേണ്ടതാണ്.
- ഭരണ സമിതി അംഗീകരിച്ച് അന്തിമമാക്കിയ വസ്തുനികുതിയുടെ പുതുക്കിയ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.
- വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

**1-11-1 MSME കളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല**

ഗ്രാമപഞ്ചായത്തിലെ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് ലഭ്യമാക്കിയ വിവരം അനുസരിച്ച് 2022-23 വർഷത്തിൽ സേവനം, ഉത്പാദനം, നിർമ്മാണം എന്നീ മേഖലകളിൽ 16 സ്ഥാപനങ്ങൾ MSME വിഭാഗത്തിലുണ്ട്. 12 സ്ഥാപനങ്ങൾ MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ MSME കളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. യഥാർത്ഥ MSME കൾ മറ്റ് വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിശ്ചയിച്ച് ഈടാക്കിവരുന്നത്. സ്ഥാപനങ്ങളുടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് യഥാർത്ഥ എം.എസ്.എം.ഇ കൾ ആണെന്ന് ഉറപ്പാക്കി സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-11-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്**

പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടെലഫോൺ ടവറുകളാണുള്ളത്. സഞ്ചയ ഡിമാന്റ് രജിസ്റ്ററിന്റെ പരിശോധനയിൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ കുടിശ്ശികയുള്ളതായി കാണുന്നു. 2022-23 കാലയളവ് വരെ ആകെ വസ്തു നികുതി കുടിശ്ശിക ₹ 42,460/- രൂപ ആണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | മൊബൈൽ ടവർ (സഞ്ചയയിൽ ലഭ്യമായ വിവരം ) | കെട്ടിടത്തിന്റെ തറവി സ്തീർണ്ണം (ച.മീ) | സഞ്ചയയിൽ നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത നികുതി (ച.മീറ്ററിന് 500രൂപ നിരക്കിൽ - ബാധകമായ ഇളവുകൾക്കും വർധനവുകൾക്കും ശേഷം) രൂപയിൽ | കുടിശ്ശിക | നിലവിലുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 12/147 | റിലയൻസ് കമ്മ്യൂണി ക്കേഷൻസ് | 3.52 | ₹ 2031 | 2013-2014 മുതൽ 2022-2023 വരെ | ₹ 20,310 |
| 2 | 12/149 | റിലയൻസ് കമ്മ്യൂണി ക്കേഷൻസ് | 3.52 | ₹ 2215 | 2018 -2019 മുതൽ 2022-2023 വരെ | ₹ 22,150 |

| | |
|---|---|
| ആകെ | ₹ 42,460 |

മേൽ കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്

**1-11-3 അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം 2022-23 വർഷം വരെ 6 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട്. 4 അനധികൃത കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ട്. എന്നാൽ അനധികൃത കെട്ടിട നിർമ്മാണരജിസ്റ്ററിൽ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബാക്കി കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കിയതായി കാണുന്നില്ല. ബാക്കി കെട്ടിടങ്ങളിൽ നിന്നും നിയമ പ്രകാരം വസ്തുനികുതി ഈടാക്കാൻ തുടർനടപടി ഉണ്ടാകേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

**1-11-4 സേവന നികുതി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് സർവ്വീസ് ചാർജ്ജ് എന്നിവ ചുമത്തൽ**

**എ) സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

1. ശുചിത്വ പരിപാലനം - 4%

2. ജല വിതരണം - 3%

3. തെരുവു വിളക്കുകൾ - 2%

4. ഡ്രൈനേജ് - 1%

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്.

വസ്തു നികതി പുതുക്കി നിശ്ചയിക്കുന്നതിനായി പുറപ്പെടുവിച്ച സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിലവിൽ സേവന ഉപനികുതി ചുമത്താത്ത ഗ്രാമപഞ്ചായത്തുകൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഷോളയൂർ ഗ്രാമപഞ്ചായത്ത് സേവന ഉപനികുതി ചുമത്തുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്ന അനിവാര്യ ചുമതല നിർവ്വഹിക്കുവാൻ പ്രയാസം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിന് സേവന ഉപനികുതി ചുമത്തുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള മേഖലകളിൽ നിശ്ചിത നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്തിയാൽ ആ മേഖലകളിലെ സേവനം മെച്ചപ്പെടുത്തുവാനുള്ള അവസരം ലഭിക്കുന്നതാണ് എന്ന തിരിച്ചറിവോടെ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

**ബി) കേന്ദ്ര സർക്കാരിന്റെ കെട്ടിടങ്ങളുടെ വസ്തു നികുതിയും സർവ്വീസ് ചാർജ്ജും**

2011 ലെ കേരള പഞ്ചായത്ത്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നീ സേവനങ്ങൾക്കായി നിശ്ചിത നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

തനത് വരുമാനം കുറവായ സാഹചര്യത്തിൽ വസ്തു നികുതി നിർണ്ണയവും പിരിവും കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204, 205, 205എ മുതൽ 205കെ വരെയുള്ള വകുപ്പുകൾ എന്നിവയിലാണ് തൊഴിൽ നികുതിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. വകുപ്പ് 204 ലെ ഉപവകുപ്പ് (1) പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധ വർഷവും അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും; ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളുടേയുംമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങൾ, 1996 പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലേയും പിരിച്ചെടുക്കുന്നതിലേയും കാര്യക്ഷമത പരിശോധിക്കുക എന്ന ലക്ഷ്യത്തോടെ ഡിമാന്റ് രജിസ്റ്ററുകൾ, സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അർദ്ധ വാർഷിക റിട്ടേണുകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ മുതലായ രേഖകൾ മുൻനിർത്തി പരിശോധിക്കുകയുണ്ടായി.

ഷോളയൂർ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 69 സ്ഥാപനകളിലെ ജീവനക്കാരിൽ നിന്നാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിട്ടുള്ളത്.

വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽ നികുതി വരവ്

ജീവനക്കാരുടെ തൊഴിൽ നികുതി - 9,10,300രൂപ

സ്ഥാപനം/ട്രേഡേഴ്സിന്റെ തൊഴിൽ നികുതി - 3,87,870രൂപ

ആകെ - 12,98,170 രൂപ

തൊഴിൽ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

എ) ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ, വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കമെന്ന് ആവശ്യപ്പെടാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ

കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നത്.

ലൈസൻസ് ഉള്ള സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാനാകാത്ത സ്ഥിതിവിശേഷവും നിലവിലുണ്ട്.

വിവര ശേഖരണത്തോടൊപ്പം തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ്, ജി.എസ്.ടി വകുപ്പ്, തൊഴിലാളി ക്ഷേമനിധി ബോർഡ്, വ്യാപാരി വ്യവസായി സംഘടനകൾ മുതലായ സ്ഥാപനങ്ങൾ മുഖേന കമ്പനികളുടേയും തൊഴിലാളികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

എല്ലാ സ്ഥാപനങ്ങളുടേയും വിവരം രേഖപ്പെടുത്തിയ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

ബി) സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വരുമാനം സംബന്ധിച്ച വിവരശേഖരണം

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം (വകുപ്പ് 205ബി) ഏതെങ്കിലും ഹോട്ടലിന്റേയോ, ബോർഡിംഗിന്റേയോ, ലോഡ്ജിംഗ് ഹൗസിന്റേയോ, ക്ലബ്ബിന്റേയോ നടത്തിപ്പുകാരോട് താമസക്കാരുടെ തൊഴിൽ, കല മുതലായവയുടെ വിവരം ആവശ്യപ്പെടാവുന്നതാണ്. ചട്ടം 14 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ് (വകുപ്പ് 205 സി). ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ, ശമ്പളത്തേയോ സംബന്ധിച്ച വിവരം ആവശ്യപ്പേടേണ്ടതും തുടർന്ന് വിവിധ നടപടിക്രമങ്ങൾ പാലിച്ച് ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

തൊഴിൽ നികുതിയുടെ ആവശ്യത്തിനായി രണ്ട് അർദ്ധ വർഷങ്ങളിലും ഡിമാന്റ് നോട്ടീസ് നൽകുന്നതിനു മുമ്പായി ചട്ടങ്ങൾ പ്രകാരമുള്ള വിവരശേഖരണം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടില്ല.

സി) ഡിമാന്റ് നോട്ടീസ് നൽകുന്നതിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന പട്ടിക പ്രകാരം സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. ഏതെങ്കിലും സ്ഥാപനങ്ങളോ ജീവനക്കാരോ ഡിമാന്റിൽ നിന്നും വിട്ടുപോയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി ശാസ്ത്രീയ രീതികൾ അവലംബിക്കുന്നില്ല. 2022-23 വർഷത്തിൽ MSME രജിസ്ട്രേഷൻ എടുത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. MSME സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി) സമർപ്പിച്ചിട്ടുള്ള വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കൽ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സെക്ഷനിൽ റിട്ടേണുകളുടെ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടക്കുന്നത്. വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കുന്നതിനായി സ്ഥാപന സന്ദർശനം നടത്തി സ്ഥാപനത്തിലെ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതായി കാണുന്നില്ല.

ഇ) തൊഴിൽ നികുതി പിരിവിലെ പ്രായോഗിക പ്രശ്നങ്ങൾ

ടേണോവർ കണക്കാക്കൽ

ചട്ടം 6, 7, 8 എന്നിവ പ്രകാരം കമ്പനികളുടെ ടേണോവർ കണക്കാക്കി തൊഴിൽ നികുതി നിർണ്ണയിക്കുന്നതിൽ സങ്കീർണ്ണത ഉള്ളതായി വിലയിരുത്തുന്നു. സ്ഥാപനങ്ങളിൽ നിന്നും അർദ്ധവാർഷികമായി പരമാവധി തുകയായ 1250 രൂപ ഈടാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ടേണോവർ എത്രയെന്ന് പൊതുവെ, സ്ഥാപനങ്ങൾ റിട്ടേണിൽ രേഖപ്പെടുത്തുകയോ ആയതിന്റെ കൃത്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കുകയോ ചെയ്യുന്നില്ല.

എഫ്) തൊഴിൽ നികുതിയുടെ കമ്പ്യൂട്ടറൈസേഷൻ

എസ്.ആർ.ഒ നം. 612/2017 തിയതി 31-10-2017 പ്രകാരം തൊഴിൽ നികുതി ചട്ടങ്ങളിൽ ചട്ടം 14എ കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതനുസരിച്ച് തൊഴിൽ നികുതി ഈടാക്കി ഒടുക്കുവാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും സെക്രട്ടറി നൽകുന്ന യൂസർ നെയിം, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് തൊഴിൽ നികുതി ഓൺലൈൻ ആയി ഒടുക്കുന്നതിനുമുള്ള പോർട്ടൽ രൂപീകരിക്കുവാനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. നാളിതുവരെ അത്തരത്തിലൊരു സംവിധാനം നിലവിൽ വന്നിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ തൊഴിൽ നികുതി കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ആയതിനുള്ള മോഡ്യൂൾ സഞ്ചയയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ല.
ചട്ടങ്ങളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉണ്ടായിട്ടും അത്തരത്തിലുള്ള സംവിധാനം ഏർപ്പെടുത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനു മുമ്പായി പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഉറപ്പാക്കുന്ന തരത്തിലുള്ള പരിശോധനകൾ ഉണ്ടാകേണ്ടതാണ്.

2. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലുള്ള ഉദ്യോഗസ്ഥരും നികുതി പിരിവിന്മേൽ കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്.

### 1-12-1 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|
| ഹാവൻ റിസോർട്ട് | 15 |

മേൽ സൂചിപ്പിച്ചത് ഒരു ഉദാഹരണം മാത്രമാണ്. മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്താതെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13 നികുതിയേതര വരവുകൾ

ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, വസ്തുവകകളിൽ നിന്നുള്ള ആദായം, വിവിധ ആസ്തികളുടെ ഉപയോഗത്തിനുള്ള ഫീസ്, രജിസ്ട്രേഷൻ ഫീസ്, മറ്റ് വരവുകൾ മുതലായവ നികുതിയേതര ഇനങ്ങളിൽ നിന്നുള്ള റവന്യൂ പിരിച്ചെടുക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

2022-23 വർഷത്തിൽ 171 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുള്ളത്. ലൈസൻസ് ഫീസ് ഇനത്തിൽ ആകെ 2,01,500/- രൂപയാണ് ലഭ്യമായിട്ടുള്ളത്.

ലൈസൻസ് അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) ഫീസ് ഘടനയിലെ അവ്യക്തത

1996 ലെ ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-II ലെ നിരക്കിൽ സ്ഥാപനങ്ങളുടെ വാർഷിക വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. 31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം 'വിറ്റു വരവ്' എന്നത് 'മൂലധന നിക്ഷേപം' (Investment) എന്നാക്കി മാറ്റുകയും പട്ടിക-II പുതുക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ വിഭാഗങ്ങളാക്കി തിരിച്ച് ഉത്പാദനമേഖല, സേവനമേഖല എന്നിങ്ങനെ വേർതിരിക്കുകയും ചെയ്തു. സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കി 500 മുതൽ 15000 രൂപ വരെയുള്ള ലൈസൻസ് ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്. പട്ടികയിൽ നൽകിയിട്ടുള്ള തുക, ഈടാക്കാവുന്ന ഫീസിന്റെ പരമാവധിയാണ്. വ്യത്യസ്ഥ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥ നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണെങ്കിലും സ്ലാബ് തിരിച്ച് ഈടാക്കാവുന്ന നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല.

ബി) കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 പ്രകാരമുള്ള മാറ്റങ്ങളും ലൈസൻസും

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ (എം.എസ്.എം.ഇ) സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിശോധനകളിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനുമുള്ള കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ, 2020 ഉം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ഫോറം-I ൽ നോഡൽ ഏജൻസി മുമ്പാകെ സ്വയം സാക്ഷ്യപത്രം(Self Certification) സമർപ്പിച്ചാൽ ഒരു കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificate) ലഭിക്കുന്നതാണ്. സാക്ഷ്യപത്രത്തിന് മൂന്നു വർഷം വരെ പ്രാബല്യമുണ്ടാകുന്നതാണ്. മൂന്ന് വർഷക്കാലയളവിനുള്ളിൽ, ഏതെങ്കിലും സംസ്ഥാന നിയമത്തിൻകീഴിൽ ആവശ്യമായ ലൈസൻസുകളും അനുവാദങ്ങളും അംഗീകാരങ്ങളും ക്ലിയറൻസുകളും രജിസ്ട്രേഷനുകളും അനുമതികളും നിരാക്ഷേപ പത്രങ്ങളും സമാനമായവയും നൽകുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനം, അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ, അതുമായി ബന്ധപ്പെട്ടോ മറ്റേതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

ഗ്രാമപഞ്ചായത്തിലെ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് ലഭ്യമാക്കിയ വിവരം അനുസരിച്ച് 2022-23 വർഷത്തിൽ 12 സ്ഥാപനങ്ങൾ MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്. എന്നാൽ MSME കളുടെ കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. എല്ലാ MSME കളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കുന്നില്ല.

കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കണക്ക് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. അത്തരം സ്ഥാപനങ്ങൾ ബാധകമായ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

സി) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ഡി) ഡിമാന്റിന്റെ പൂർണ്ണത

സഞ്ചയയിലെ ഡാറ്റ പ്രകാരം 704 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 171 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളു എന്ന് കണ്ടെത്തി. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

ഇ) ലൈസൻസിനായുള്ള ഓൺലൈൻ സംവിധാനം

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലൈസൻസ് നടപടികൾ കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് പ്രാവർത്തികമാക്കിയിട്ടില്ല. അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഫീസ് ഓൺലൈൻ ആയി ഒടുക്കുവാനുമുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പുതുക്കിയ പട്ടിക-1 പുറപ്പെടുവിക്കുന്നതിനും അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമായി പുറപ്പെടുവിക്കുന്നതിനും സർക്കാർ തലത്തിൽ നടപടികൾ ആവശ്യമായതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.
- വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഫീൽഡ് തല പരിശോധനയിലൂടെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.
- ലൈസൻസ് എടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ സത്യവാങ്മൂലത്തിൽ ഉറപ്പാക്കേണ്ടതാണ്.

2) വാടക

ഗ്രാമപഞ്ചായത്തിൽ ഒരു ഓഡിറ്റോറിയവും കോട്ടത്തറ ബസ് വെയ്റ്റിംഗ് ഷെഡ്ഡിലെ ഒരു കടമുറിയുമാണ് വാടകയ്ക്ക് നൽകുന്നത്. ഇവയിൽ നിന്നും യഥാക്രമം 84,000/- രൂപ, 14,220/- രൂപ തൻവർഷം വരവുണ്ട്.വാടക രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ രൂപീകരിച്ചിട്ടില്ല. ബൈലോ രൂപീകരിക്കുവാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

കുടിശ്ശിക ഈടാക്കൽ

വാർഷിക ധനകാര്യപത്രികയിൽ 2154/- രൂപ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വാടക കുടിശ്ശികയുടെ വിവരം ചേർത്തിട്ടില്ല.

കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വാടക പിരിവ് - ഓഡിറ്റ് നിർദ്ദേശം

- ബൈലോ രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
- കുടിശ്ശിക ഈടാക്കേണ്ടതാണ്.

3) മറ്റ് ലൈസൻസുകൾ

എ) പന്നികൾക്കും പട്ടികൾക്കും ലൈസൻസ്

കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽ കൽ) ചട്ടങ്ങൾ, 1998 പ്രകാരം പന്നികളേയും പട്ടികളേയും വളർത്തുന്നതിനുള്ള നിയന്ത്രണത്തിനായി ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷാ ഫീസ് 50 രൂപയായി പുതുക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 1640/- രൂപയാണ് വരവുള്ളത്. നിലവിലെ സാഹചര്യത്തിൽ എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് അനുവദിക്കുന്നത് നിർബന്ധമാക്കേണ്ടതാണ്.

ബി) ലൈവ്സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ്

- കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012

പ്രകാരം ലൈസൻസ് ഇനത്തിൽ വരവൊന്നുമില്ല.

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ലൈവ്‌സ്റ്റോക്ക് ഫാമുകളെല്ലാം കൃത്യമായ ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

4) കെട്ടിട നിർമ്മാണം, ഭൂവികസനം - പെർമിറ്റ് അനുവദിക്കൽ

തൻവർഷം 1,17,447/- രൂപ പെർമിറ്റ് ഫീസ് ആയി ഈടാക്കിയിട്ടുണ്ട്. റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 1,00,427/- രൂപ ലഭ്യമായിട്ടുണ്ട്.

സർക്കാരിലേക്കുള്ള റിപ്പോർട്ട്, വിജിലൻസ് സംവിധാനം

കണ്ടുപിടിക്കപ്പെട്ട അനധികൃത നിർമ്മാണങ്ങളുടെ എണ്ണവും സ്വീകരിച്ച നടപടികളും തീർപ്പാക്കുവാൻ അവശേഷിക്കുന്ന ക്രമവത്ക്കരണത്തിനുള്ള അപേക്ഷകൾ മുതലായ വിവരങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് ഓരോ മൂന്ന് മാസം കൂടുമ്പോഴും സെക്രട്ടറി സർക്കാരിലേക്ക് അയയ്ക്കേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള റിപ്പോർട്ട് കൃത്യമായി നൽകുന്നില്ല. ചട്ടം 105 പ്രകാരമുള്ള വിജിലൻസ് സംവിധാനവും കാര്യക്ഷമമല്ല.
ആവശ്യമായ പരിശോധന നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് നൽകുവാനും പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുവാനും നടപടികൾ ഉണ്ടാകേണ്ടതാണ്.

5) സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ

സ്വകാര്യ ആശുപത്രികൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ രജിസ്ട്രേഷൻ ആവശ്യമാണ്.
ഒരു സ്ഥാപനം സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. ഈ ഇനത്തിൽ 200 രൂപ വരവുണ്ട്.

6) മറ്റ് വരവുകൾ
കാലഹരണപ്പെട്ട ആസ്തികൾ വില്പന നടത്തിയതിൽ 17,550/- രൂപ ലഭ്യമായിട്ടുണ്ട്.

ഫലവൃക്ഷങ്ങൾ, കുളങ്ങൾ, പുറമ്പോക്കുകൾ, ബങ്ക്, സ്റ്റാളുകൾ, കംഫർട്ട് സ്റ്റേഷനുകൾ, യന്ത്രോപകരണങ്ങൾ മുതലായവയിൽ നിന്നും വരവൊന്നുമില്ല.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ലൈസൻസ് പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നം. 14/04.12.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14-1 ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

2022-23 വർഷത്തിൽ 171 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 14 വാർഡുകളിലായി 704 കെട്ടിടങ്ങളാണ് നിലവിലുള്ളത്. വസ്തു നികുതി അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാൻ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14-2 അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം

2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചു. ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ഇനി പറയും പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമല്ല. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ ലഭിക്കുമ്പോൾ തന്നെ ആവശ്യമായ പരിശോധനകൾ നടത്തേണ്ടതാണ്.

## 1-14-3 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കേണ്ടതാണ്

പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ 2016 ചട്ടം 4(1) ൽ 2021 ൽ വരുത്തിയ ഭേദഗതികൾ പ്രകാരം (ജി.എസ്.ആർ 571 (ഇ) തീയതി : 12.08.2021) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ കനം 30.09.2021 മുതൽ 75 മൈക്രോണിലും 31.12.2022 മുതൽ 120 മൈക്രോണിലും കുറയാൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഷോളയൂർ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതോടൊപ്പമുള്ള മിക്ക അപേക്ഷകളിലേയും സത്യവാങ്മൂലത്തിൽ 50 മൈക്രോണിൽ കുറയാതെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കാൻ പാടില്ലെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ചട്ട വ്യവസ്ഥ പ്രകാരമുള്ള നിബന്ധന ഉൾപ്പെടുത്തി അപേക്ഷ പുതുക്കേണ്ടതാണ്.

## 1-14-4 റിസോർട്ടുകളുടെയും ഹോംസ്റ്റേകളുടെയും ലൈസൻസ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളുടെയും ഹോംസ്റ്റേകളുടെയും വിവരങ്ങളും ആയവയുടെ ലൈസൻസ് രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ടൂറിസ്റ്റുകൾ ധാരാളം എത്തുന്ന പഞ്ചായത്ത് പ്രദേശത്ത് റിസോർട്ടുകളും ഹോംസ്റ്റേകളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് പഞ്ചായത്ത് ഉറപ്പു വരുത്തേണ്ടതാണ്.

## 1-15 ഹോമിയോ ആശുപത്രിയിലെ മരുന്നു വാങ്ങൽ - മരുന്നുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്

2022 - 23 വർഷത്തിൽ ഹോമിയോ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്റ്റ് പ്രകാരം വകയിരുത്തിയ 1,50,000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട്.നം. - 12/22-23 - ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ

അടങ്കൽ - 1,50,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് - 1,50,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ റഫറൻസ് നം. 2210652012901072357/21.01.2023 പ്രകാരം പ്രഫോർമ ഇൻവോയ്സ് നം.PF 1080/26.12.2022 ൽ പരാമർശിച്ചിട്ടുള്ള 24 ഇനം മരുന്നുകൾക്കും അനുബന്ധ സാമഗ്രികൾക്കുമായി 1,50,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് Kerala State Homoeopathic Co-Operative Pharmacy Ltd, Alappuzha യുടെ 34306403911നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

നിലവിലെ സാഹചര്യത്തിൽ ആശുപത്രിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുന്നതിനാവശ്യമായ മരുന്നുകൾ മതിയായ അളവിൽ ഉണ്ടോ എന്നത് ഉറപ്പാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 17/04.12.23 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 എ ബി സി പദ്ധതി

| | |
|---|---|
| പ്രൊജക്ട് നം., പേര് | 182/22-23, തെരുവ് നായക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി |
| അടങ്കൽ | ₹2,00,000/- വികസന ഫണ്ട് - ജനറൽ |
| ചെലവ് | ₹2,00,000/- |
| ബിൽ നം./തീയതി | 01/22-23 – 08.12.2022 |

പഞ്ചായത്തിലെ തെരുവ് നായ്ക്കളുടെ വന്ധ്യംകരണം നടത്തി തിരികെ അതിന്റെ സ്വന്തം ആവാസ വ്യവസ്ഥയിൽ തിരിച്ച് വിടുന്നതിലൂടെ തെരുവ് നായ്ക്കളുടെ പ്രജനനം നിയന്ത്രിക്കുകയാണ് പദ്ധതി ലക്ഷ്യം. ഇതിനായി തുക ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (നം. 799011400002200) മാറി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിനാവശ്യമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് പഞ്ചായത്ത് പരിധിയിൽ നടത്തിയതെന്നുള്ളതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ട് ഫലപ്രദമായി മോണിറ്റർ ചെയ്തിട്ടില്ല.

3) ജില്ലാ പഞ്ചായത്തിൽ നിന്നും തുകയുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.
പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/4-12-2023)മറുപടി ലഭ്യമാക്കിയിട്ടില്ല.
ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-17 നിർമ്മാണപ്രവർത്തികൾ അക്രഡിറ്റഡ് ഏജൻസി മുഖേന നിർവഹണം നടത്തുന്നത് സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 137/2022-23, കോട്ടത്തറ ജിംനേഷ്യം അധിക സൗകര്യമൊരുക്കൽ |
| അടങ്കൽ | 6,00,000/- (പൊതു വിഭാഗം) |
| ചെലവ് | 6,00,000/- |
| ബിൽ നമ്പർ | 49/29.03.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കോട്ടത്തറ ജിംനേഷ്യം അധിക സൗകര്യമൊരുക്കൽ എന്ന പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് നിർമ്മിതികേന്ദ്രം (പാലക്കാട്) എന്ന നോൺ പി.എം.സി അക്രഡിറ്റഡ് ഏജൻസി മുഖാന്തരമാണ്. മേൽ പദ്ധതിയിൽ ടോയ് ലെറ്റ് റിപ്പയർ, ചുറ്റുമതിൽ പെയിന്റിംഗ്, വോളിബോൾ ഷട്ടിൽ കോർട്ട് എന്നിവയുടെ നിർമ്മാണം എന്നീ പ്രവർത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ തീയതി: 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.5.1(2)i പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 3.5.1(3) VII പ്രകാരം ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ, വൈദഗ്ധ്യമേഖല കണക്കിലെടുത്ത് മറ്റു അനുയോജ്യരായ ഉദ്യോഗസ്ഥർക്കോ, പ്രൊജക്ടുകളുടെ ചുമതല ഭരണ സമിതി തീരുമാന പ്രകാരം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം ലഭ്യമായിരിക്കെ, സെക്രട്ടറി

മേൽ പ്രൊജക്റ്റിന്റെ നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/04.12.23) മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവ് , മാർഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-18 കോട്ടത്തറ ജിംനേഷ്യം അധികസൗകര്യമൊരുക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 137/2022-23, കോട്ടത്തറ ജിംനേഷ്യം അധിക സൗകര്യമൊരുക്കൽ |
| അടങ്കൽ | 6,00,000/- (പൊതു വിഭാഗം) |
| ചെലവ് | 6,00,000/- |
| ബിൽ നമ്പർ | 49/29.03.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കോട്ടത്തറ ജിംനേഷ്യം അധിക സൗകര്യമൊരുക്കൽ എന്ന പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് നിർമ്മിതികേന്ദ്രം (പാലക്കാട്) എന്ന നോൺ പി.എം.സി അക്രഡിറ്റഡ് ഏജൻസി മുഖാന്തരമാണ്. പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികളുടെ തിരഞ്ഞെടുപ്പ്, പ്രവർത്തനം എന്നിവയ്ക്കായുള്ള നിർദേശങ്ങൾ അടങ്ങിയ സർക്കാർ ഉത്തരവ് നം. 28-04-2021 ലെ സ.ഉ(പി)നം.67/2021/ഫിൻ അനുബന്ധത്തിലെ ക്രമ നം. 7.2 പ്രകാരം ബിഡ്ഡിംഗ് ഇല്ലാതെ നേരിട്ട് അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവർത്തികൾ ഏൽപ്പിക്കുമ്പോൾ എസ്റ്റിമേറ്റ് തുക/പ്രവർത്തിമൂല്യത്തിന്റെ 0.5% തുക പി.എം.സി ചാർജിൽനിന്നും റിക്കവറി നടത്തേണ്ടതാണ്. എന്നാൽ മേൽ റിക്കവറി നടത്താതെയാണ് തുക നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/04.12.23) മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-19 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് KSEB ഷോളയൂർ ഇലക്ട്രിക്കൽ സെക്ഷനിലേക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| KSEB ഷോളയൂർ ഇലക്ട്രിക്കൽ സെക്ഷൻ | 108/23 വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ | 28/09.02.2023 | 14,38,832/- +25654 ആകെ- 14,64,486/- |

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2.(5) ഡി.ii പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാർ ചമച്ചതായി കാണുന്നില്ല.

മേൽ ഡെപ്പോസിറ്റ് പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതിനും ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കാതെ തുക നൽകിയതിനും വിശദീകരണം ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05/04.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി പണം കൈമാറുമ്പോൾ കരാറിൽ ഏർപ്പെടേണ്ടതാണ്. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.

## 1-20 ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ

പ്രകാരം (ചട്ടം3പ്രകാരം) പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി എന്നറിയപ്പെടുന്നതുമാണ്.

ചട്ടം3(2)പ്രകാരം ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതുമാണ്

ചട്ടം3(3)പ്രകാരം നിധിയുടെ വരവുചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതും ചട്ടം **5** പ്രകാരം നിധിയെ സംബന്ധിച്ച വരവുചെലവുകണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ക്യാഷ് ബുക്കിൽ സൂക്ഷിച്ച് പോരേണ്ടതാണ്.

ഷോളയൂർ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/04.12.2023) മറുപടി ലഭ്യമാക്കിയില്ല. ചട്ടപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 അഗതി രഹിത കേരളം പദ്ധതിക്കായി കുടുംബശ്രീക്ക് നൽകിയ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 246/2022-23, |
| അടങ്കൽ | 3,00,000/- (പൊതു വിഭാഗം) |
| ചെലവ് | 3,00,000/- |
| ബിൽ നമ്പർ | 6/13.02.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

അഗതി രഹിത കേരളം പദ്ധതിക്കായി ഗുണഭോക്താക്കൾക്ക് ഭക്ഷ്യ വസ്തുക്കൾ മുടക്കം കൂടാതെ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് പ്രോജക്റ്റ് പ്രകാരം 3,00,000/- രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ച് കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സന്റെ അക്കൗണ്ടിലേക്ക് (Account No. 1656101016218) നൽകിയിട്ടുണ്ട്. പദ്ധതി തുക ഉപയോഗിച്ച് വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 06/04.12.23) മറുപടി ലഭ്യമായില്ല. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 ബാലസഭ പ്രവർത്തനം-അധികതുക ചെലവഴിച്ചു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 147/2022-23, |
| അടങ്കൽ | 1,00,000/- (പൊതു വിഭാഗം) |
| ചെലവ് | 1,00,000/- |
| ബിൽ നമ്പർ | 3/30.12.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

സ.ഉ(കൈ) നം.84/22/തസ്വഭവ തീയതി.19.04.22 ഖ.6.4പ്രകാരം കുട്ടികളുടെ കലാ - കായിക - മാനസിക - സാംസ്കാരിക - പങ്കാളിത്ത വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ബാല പഞ്ചായത്ത്, ബാലസഭ മുതലായവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ മാനദണ്ഡങ്ങൾക്ക് വിധേയമായി കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും ബാലപഞ്ചായത്ത്, ബാലസഭാ പ്രവർത്തനങ്ങൾക്കായി

ഗ്രാമപഞ്ചായത്തുകൾക്ക് തുക വിനി യോഗിക്കാവുന്നതുമാണ്. ബാലാവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്.

സ.ഉ(കൈ) നം.115/22/തസ്വഭവ തീയതി.28.5.22 ഖ.7.7.10(1) പ്രകാരം ബാലസഭ പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് വാർഡ് ഒന്നിന് 1000 രൂപ ആണ് ചെലവഴിക്കാവുന്നത്. 14 വാർഡ് ഉള്ള ഷോളയൂർ പഞ്ചായത്തിൽ ആകെ 14000 രൂപയാണ് ചെലവഴിക്കാവുന്നത്.എന്നാൽ ബാലസഭാ പ്രവർത്തനങ്ങൾക്കായി 1,00,000 രൂപ കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടിലേക്ക് മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. മേൽ തുക ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും മാർഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക നൽകിയതിന് വിശദീകരണം നൽകേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/04.12.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ലഭ്യമാകുന്നതുവരെ മേൽ പദ്ധതിക്ക് ചെലവഴിച്ച 1,00,000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 വിനിയോഗ വിവരം ലഭ്യാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | 249/23- ഭിന്നശേഷിക്കാർക്കുള്ള ക്യാമ്പ് നടത്തി ഉപകരണങ്ങൾ ഗവ. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകൽ |
| അടങ്കൽ, ഫണ്ട് ഇനം | 50000- വികസന ഫണ്ട്. |
| ചെലവ് | 50000 |
| ബിൽ വിവരങ്ങൾ | 24/21-3-2023 |
| നിർവ്വഹണഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഗുണഭോക്താവായ തീർത്ഥ മനോജിന് സർജറി കഴിഞ്ഞതിനാൽ കോക്ലിയർ ഇംപ്ലാന്റേഷൻ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സെക്യൂരിറ്റി മിഷനിലേക്കാണ് തുക അടവാക്കിയിട്ടുള്ളത്. ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 ഇ-ടെൻണ്ടർ ഫീസ് തനത്ഫണ്ടിൽ അടവാക്കിയിട്ടില്ല.

അസി. എൻജിനിയർ ഇ-ടെൻണ്ടർനടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് ദേശസാൽകൃത ബാങ്കിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/17 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ , അസി.എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 37457063161- SBI, Agali Branch) തൻവർഷം മുൻബാക്കി 366151രൂ. ആണ്. തൻവർഷം ഇ ടെണ്ടർ ഫീസിനത്തിലെ വരവുൾപ്പെടെ 3/2023ൽ ബാലൻസുള്ള 422027രൂ. സാമ്പത്തിക വർഷാവസാനം വരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/4-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ തനത് ഫണ്ടിൽ അടവാക്കാനുള്ള തുകകൾ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല - തുടർ നടപടി സ്വീകരിക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

സ.ഉ. (എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഖണ്ഡിക 7 ൽ പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ

സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതി പ്രകാരം ആദ്യ ഗഡുമാത്രം കൈപ്പറ്റിയിട്ടും യാതൊരു തുടർനടപടികളും സ്വീകരിക്കാത്ത /ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഫസ്റ്റ് ലൈൻ ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

ടി.എസ്.പി അഡീഷനൽ ലിസ്റ്റ്

| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ഐഡി നം.) | കൈപ്പറ്റിയ ആകെ തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | രങ്കി പെരുമാൾ, ഷോളയൂർ (ഐഡി നം. 916413) | 40,000 | 12.10.2021 |
| 2 | മരുതാചലം ശിവൻ, ഷോളയൂർ (ഐഡി നം. 921250) | 40,000 | 12.10.2021 |
| 3 | കലൈശെൽവി വീരൻ, ഷോളയൂർ (ഐഡി നം. 916076) | 40,000 | 12.10.2021 |
| 4 | ദീപ ശിവൻജ്യോതി, വരഗംപാടി (ഐഡി നം. 916078) | 40,000 | 12.10.2021 |
| 5 | ഷാജി അറിഞ്ചി, പെട്ടിക്കൽ (ഐഡി നം. 932603) | 40,000 | 12.10.2021 |
| 6 | കാളിദാസ് ശിവൻ (ഐഡി നം. 955951) | 50,000 | 05.11.22 |
| 7 | വേലുസ്വാമി S/o ലക്ഷ്മി | 50,000 | 05.11.22 |

എസ്.സി

| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ഐഡി നം.) | കൈപ്പറ്റിയ ആകെ തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | മേരികണ്ണയ്യൻ, കോഴിക്കൂടം (ഐഡി നം. 921249) | 40,000 | 18.09.2021 |

ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ വിവരം അറിയിക്കേണ്ടതാണ്.

**1-26 ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ വാങ്ങിയത് വിതരണം ചെയ്തിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് നം, പേര് | 101/23- ഭിന്നശേഷിക്കാർക്കുള്ള ക്യാമ്പ് നടത്തി ഉപകരണങ്ങൾ ഗവ. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകൽ |
| അടങ്കൽ, ഫണ്ട് ഇനം | 594130- വികസന ഫണ്ട്. |
| ചെലവ് | 122879 |
| ബിൽ വിവരങ്ങൾ | 29/29-3-2023 |
| നിർവ്വഹണഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഭിന്നശേഷിക്കാർക്കുള്ള ക്യാമ്പ് നടത്തി ഉപകരണങ്ങൾ വാങ്ങി നൽകൽ എന്ന പദ്ധതിയിൽ ശാരീരിക അവശതകൾ അനുഭവിക്കുന്നവർക്ക് വാക്കർ, വീൽചെയർ എന്നിവയാണ് നൽകിയിട്ടുള്ളത്. ടി പ്രോജക്ടിൽ 15 ഗുണഭോക്താക്കളെയാണ് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് നൽകിയിട്ടുള്ളത്. ആയതിൽ 13പേർക്ക് ഉപകരണങ്ങൾ നൽകിയതായി കൈപ്പറ്റ് രസീതി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ മുരുകൻ S/o ആറുമുഖൻ, രങ്കൻ S/o ചട്ടൻ എന്നിവർ മരണമടഞ്ഞതിനാൽ അവർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല. ആയതിനാൽ അവർക്കായി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇവ

ഉപയോഗക്ഷമമാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-27 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ /റജിസ്റ്ററുകളുമായി ബന്ധപ്പെട്ട് താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1) Skilled /Semi Skilled തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിൽ ടി തൊഴിലാളികളുടെ തൊഴിൽ ഇനം ഏതെന്ന് വ്യക്തമല്ല. ആയതിനാൽ ടി വിഭാഗം തൊഴിലാളികൾക്ക് നൽകുന്ന വേതനത്തിന്റെ വ്യക്തത ഉറപ്പ് വരുത്താനാകുന്നില്ല.

2) തൻവർഷത്തെ ക്യാഷ് ബുക്ക് TR-7A റജിസ്റ്ററിൽ എഴുതിയിട്ടുണ്ടെങ്കിലും മാസാന്ത്യ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. തുടക്കമാസങ്ങളിൽ (സെപ്റ്റംബർ വരെ) മാസത്തിൽ ഒരു രേഖപ്പെടുത്തൽ എന്ന രീതിയിൽ മാത്രമേ നടത്തിയിട്ടുള്ളൂ. പിന്നീടുള്ള മാസങ്ങളിൽ വരവ് ഉണ്ടാകുന്ന ദിവസങ്ങളിൽ മാത്രം രേഖപ്പെടുത്തൽ നടത്തിയിരിക്കുന്നു. ദിനം പ്രതി രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.
അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.

**അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.**

സ.ഉ (പി) നം. 13/2012/PWD തിയതി 1-2-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരം നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO 49/23-ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കൽ<br>1986389/-<br>ബിൽ നം.-4/28-10-2022<br>620104/- | 17-5-2021 | - | 1/AE/LID&EW /SHR/28-6-2021<br>നാഗരാജൻ | 19864 | 0 | 19864 |
| 2 | SO 86/23-കല്ലുക്കല്ലൂർ സർക്കാർ ട്രൈബൽ സ്കൂൾ കെട്ടിടം പുനരുദ്ധാരണം<br>770945/-<br>ബിൽ നം.-11/1-9-2022 | 22-2-2022 | 23-2-2022- | 54/AE/LSGD /SHR/15-3-2022<br>ഉണ്ണികൃഷ്ണൻ | 7709 | 0 | 7709 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 863452/- | | | | | | |
| 3 | SO 51/23- ആനക്കട്ടി അംഗൻവാടി പുനരുദ്ധാരണം 265186/- ബിൽ നം.-4/17-5-2022 299768/- | 16-9-2020 | - | 46/AE/LSGD /SHR/13-10-2020 കനകരാജ് .എം. | 2652 | 0 | 2652 |
| ആകെ | | | | | | | 30225 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/2-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫൈനൽ ബില്ലിൽ നിന്നും ഫൈൻ ഈടാക്കാത്തതിനാൽ ബിൽ നൽകിയ A.E യുടെ ബാധ്യതയായി കണക്കാക്കുന്നു . പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 30225 രൂ. ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

**അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെസൂചിപ്പിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.**

താഴെ പട്ടികപ്പെടുത്തിയ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ അസി. എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് ഭരണസമിതി മറ്റുവിധത്തിൽ തീരുമാനം എടുക്കാത്തപക്ഷം താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങളിലും PWD Manual ലും വ്യവസ്ഥ ചെയ്തിരിക്കുന്നു.

### Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension (Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവർത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിന്റെ നം. , പേര് : SO 49/23- ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കൽ

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | ആകെ 1962285<br>ബിൽ നം.-4/28-10-2021, 620104/-<br>ബിൽ നം.-33/17-3-2022, 793082/-<br>ബിൽ നം.-8/10-8-2022, 549099/- |

| | |
|---|---|
| കരാർ നം., അളവു പുസ്തകം: | 1/AE/LID&EW/SHR/28-6-2021, MB No. 1/21-22 |
| പി.എ.സി. | 2053207 |
| കരാറുകാരൻ: | നാഗരാജൻ |
| സ്ഥലം കൈമാറിയ തീയ്യതി. | 28-6-2021 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 27-12-2021, |
| പൂർത്തീകരിച്ച തീയ്യതി: | 12-7-2022 |
| ഈടാക്കേണ്ട പിഴ (3%) | 61596 |
| ഈടാക്കിയത് | 19864 |
| ഈടാക്കിയതിൽ കുറവ്: | 41732 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുകയോ ഭരണസമിതി തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. കൂടാതെ അനുവദനീയമായ കാലാവധിയേക്കാൾ (പരമാവധി 50%) കൂടുതൽ നീട്ടി നൽകിയിട്ടുമുണ്ട്.

2) പ്രോജക്ടിന്റെ നം. , പേര് : SO 86/23- കുലുക്കല്ലൂർ സർക്കാർ ട്രൈബൽ സ്കൂൾ കെട്ടിടം പുനരുദ്ധാരണം

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 863452/-<br>ബിൽ നം.-11/1-9-2022, 863452/- |
| കരാർ നം., അളവു പുസ്തകം: | 54/AE/LSGD/SHR/15-3-2022, MB No. 56/21-22 |
| പി.എ.സി. | 823840 |
| കരാറുകാരൻ: | ഉണ്ണികൃഷ്ണൻ |
| സ്ഥലം കൈമാറിയ തീയ്യതി. | 15-3-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 14-7-2022, |
| പൂർത്തീകരിച്ച തീയ്യതി: | 4-8-2022 |
| ഈടാക്കേണ്ട പിഴ (1%) | 8238 |
| ഈടാക്കിയത് | - |
| ഈടാക്കിയതിൽ കുറവ്: | 8238 |

പ്രവൃത്തി പൂർത്തീകരണത്തിനായി 4മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുകയോ ഭരണസമിതി തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല.

3) പ്രോജക്ടിന്റെ നം. , പേര് : SO 57/23- ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രം പുനരുദ്ധാരണം.

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 470711/-<br>ബിൽ നം.-51/30-3-2022, 300305/-<br>ബിൽ നം.-10/29-8-2022, 170406/- |
| കരാർ നം., അളവു പുസ്തകം: | 11/AE/LID &EW/SLR/25-11-2021, MB No. 56/21-22 |
| പി.എ.സി. | 432447 |
| കരാറുകാരൻ: | ജെമി ബെന്നി. |
| സ്ഥലം കൈമാറിയ തീയ്യതി. | 25-11-2021 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 24-2-2022, |
| പൂർത്തീകരിച്ച തീയ്യതി: | 6-7-2022 |
| ഈടാക്കേണ്ട പിഴ (3%) | 12973 |

| | |
|---|---|
| ഈടാക്കിയത് | - |
| ഈടാക്കിയതിൽ കുറവ്: | 12973 |

പ്രവൃത്തി പൂർത്തീകരണത്തിനായി 3മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ട്. പ്രവൃത്തിയിൽ ചില വർക്കുകൾ കൂടുതൽ ചെയ്യേണ്ടി വന്നു എന്നും ആയതിനാൽ സമയം ദീർഘിപ്പിച്ച് നൽകണമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ടി കാരണം അംഗീകരിക്കത്തക്കതല്ല. കൂടാതെ ഭരണസമിതി തീരുമാനം എടുത്തിട്ടുമില്ല. ടി പ്രവൃത്തിയുടെ എഗ്രിമെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുമില്ല.

4) പ്രോജക്ടിന്റെ നം. , പേര് : SO 84/23- വരഗം പാടി ഊരിൽ കുടിവെള്ള പദ്ധതി.

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 290319/-<br>ബിൽ നം.-14/15--12-2022, 290319/- |
| കരാർ നം., അളവു പുസ്തകം: | 27/AE/LSGD/SLR/18-9-2020, MB No. 18/20-21 |
| പി.എ.സി. | 264832 |
| കരാറുകാരൻ: | അരുൺ മോഹനൻ. |
| സ്ഥലം കൈമാറിയ തീയ്യതി. | 18-9-2020 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 17-3-2021, |
| പൂർത്തീകരിച്ച തീയ്യതി: | 29-9-2022 |
| ഈടാക്കേണ്ട പിഴ (3%) | 7945 |
| ഈടാക്കിയത് | 2648 |
| ഈടാക്കിയതിൽ കുറവ്: | 5297 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. കൂടാതെ ഭരണസമിതി തീരുമാനം എടുത്തിട്ടുമില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/2-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 68240രൂ. ക്രമീകരിക്കാതെ ഫൈനൽ ബിൽ അനുവദിച്ച ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-30 ഒഡിഎഫ് പ്ലസ് പദ്ധതി പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിച്ചില്ല**

| | |
|---|---|
| പ്രൊജക്ട് നമ്പർ | 82/2022-23, ഒ ഡി എഫ് പ്ലസ് പദ്ധതി |
| അടങ്കൽ | 6,58,800/-<br>(346800/- ധനകാര്യ കമ്മീഷൻ അവാർഡ്,<br>312000/-കേന്ദ്രാവിഷ്കൃതഫണ്ട്) |
| ചെലവ് | 1,84,000/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

സമ്പൂർണ്ണമാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തിനായി കക്കൂസ് നിർമിക്കുന്നതിന് ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ഒഡി എഫ് പ്ലസ് പദ്ധതി . ടി പദ്ധതിയുടെ പുരോഗതി പരിശോധിച്ചതിൽ ആദ്യഗഡു കൈപ്പറ്റിയിട്ടും യാതൊരു തുടർനടപടികളും സ്വീകരിക്കാത്ത/കക്കൂസ് നിർമ്മാണം പൂർത്തീകരിക്കാത്ത അനേകം ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. ഇവരുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | കാളിയമ്മ രംഗസ്വാമി | 12000 | 30.09.2021 |

| | | | |
|---|---|---|---|
| 2 | മീര കുപ്പൻ | 12000 | 30.09.2021 |
| 3 | ചെല്ലി ഷോളയൂർ | 12000 | 30.09.2021 |
| 4 | ചിന്നസ്വാമി ചിന്നൻ | 12000 | 30.09.2021 |
| 5 | കാളിയമ്മ മരുതാചലം | 12000 | 30.09.2021 |
| 6 | പൊന്നമ്മ കാളി | 12000 | 30.09.2021 |
| 7 | രാമി @രമ്യ ജിജോ | 12000 | 30.09.2021 |
| 8 | കൽപ്പന ശെൽവകുമാർ | 12000 | 30.09.2021 |
| 9 | ശെൽവൻ ബാലൻ | 12000 | 30.09.2021 |
| 10 | താമരശെൽവി മുരുകൻ | 12000 | 30.09.2021 |
| 11 | പൊന്നമ്മ | 12000 | 30.09.2021 |
| 12 | പാർവതി നടരാജ് | 12000 | 30.09.2021 |
| 13 | നഞ്ചി നടരാജ് | 12000 | 30.09.2021 |
| 14 | കുഞ്ച പൊന്നൻ | 12000 | 30.09.2021 |
| 15 | ഉഷാകുമാരി രാജൻ | 12000 | 30.09.2021 |
| 16 | ശകുന്തള കറുപ്പസ്വാമി | 12000 | 30.09.2021 |
| 17 | സരോജിനിഅങ്കണതേവൻ | 12000 | 30.09.2021 |
| 18 | തങ്കമണി ഹരിദാസ് | 12000 | 30.09.2021 |
| 19 | നഞ്ചൻ കാളി | 12000 | 30.09.2021 |
| 20 | വസന്ത നടരാജ് | 12000 | 30.09.2021 |
| 21 | രാധികമല്ലൻ | 12000 | 30.09.2021 |
| 22 | കൃഷ്ണസ്വാമി രാമയ്യകൗണ്ടൻ | 12000 | 30.09.2021 |
| 23 | പാർവതി രങ്കസ്വാമി | 12000 | 30.09.2021 |
| 24 | കൗസല്യ ശരവണൻ | 12000 | 30.09.2021 |
| 25 | സൂര്യ രവികുമാർ | 12000 | 30.09.2021 |
| 26 | ശെൽവി വീരൻ | 12000 | 30.09.2021 |
| 27 | വെള്ളിയങ്കിരി കക്കി | 12000 | 30.09.2021 |
| 28 | പാപ്പാത്തി കാളിദാസ് | 12000 | 30.09.2021 |
| 29 | സാവിത്രി രാജേന്ദ്രൻ | 12000 | 30.09.2021 |
| 30 | സുജാത ഗുരുദാസ് | 12000 | 30.09.2021 |
| 31 | കൃഷ്ണണൻകുട്ടി | 12000 | 30.09.2021 |
| 32 | മുരുകൻ മരുതൻ | 12000 | 30.09.2021 |
| 33 | പെരുമാൾ രങ്കൻ | 12000 | 30.09.2021 |
| 34 | നഞ്ചൻ പുലിയൻ | 12000 | 30.09.2021 |
| 35 | കൃഷ്ണസ്വാമി മരുതൻ | 12000 | 30.09.2021 |
| 36 | മാശാണി നഞ്ചൻ | 12000 | 30.09.2021 |
| 37 | മുരുകി പെരുമാൾ | 12000 | 30.09.2021 |
| 38 | വെള്ളി രാജൻ | 12000 | 30.09.2021 |
| 39 | ശങ്കരൻ | 12000 | 30.09.2021 |
| 40 | കണ്ണമ്മ വെള്ളിയങ്കിരി | 12000 | 30.09.2021 |
| 41 | മുരുകൻ മരുതൻ | 12000 | 30.09.2021 |
| 42 | മുരുക മരുതൻ | 12000 | 30.09.2021 |

കക്കൂസ് നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ കക്കൂസ് നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർവിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 02.12.2023 മുതൽ 13.12.2023 വരെ | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | മുൻ വർഷം | 13,06,961 | - | 0 | 13,06,961 |
| | 2022-23 | 1080000 | 175/23, ആട് വളർത്തൽ - വനിത (ടി.എസ്.പി) | 1080000 | - |
| | | 2365000 | 95/23, ലൈഫ് ഭവന പദ്ധതി (പട്ടികജാതി) | 2365000 | - |
| | | 1000000 | 136/23, ഗ്രാമപഞ്ചായത്തിലെ വിവധ കവലകളിൽ സോളാർ മിനി മാസ്റ്റകൾ സ്ഥാപിക്കൽ | 1000000 | - |
| | | 600000 | 121/23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 600000 | - |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | മുൻ വർഷം | 40,07,750 | - | - | 40,07,750 |
| | മുൻ വർഷം | 23,90,000 | - | - | 23,90,000 |
| | 2022-23 | 400000 | 121/23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | - |
| | | 6645000 | 95/23, ലൈഫ് ഭവന പദ്ധതി (ടി എസ് പി) | 6645000 | - |
| | | 1121000 | 90/23, ലൈഫ് ഭവന പദ്ധതി (പട്ടികജാതി) | 1121000 | - |

മുൻ വർഷങ്ങളിൽ സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയായ 13,06,961/- പാലക്കാട് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയായ 40,07,750/- + 23,90,000/-

(Total- 63,97,750) രൂപ എന്നിവ ചെലവഴിച്ചിട്ടില്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ ബിൽ.നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | വിനിയോഗ വിവരങ്ങൾ ലഭ്യമായതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| അസി.എഞ്ചിനിയർ, കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ(108/23) | 28/09.02.2023 | 14,64,486/- | 0 | 14,64,486/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻ വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്- KURDFC വായ്പ | - | | 1,99,19,202 | 71,12,907 | - | 1,28,06,295 |

വായ്പയുടെ വിനിയോഗം, വായ്പ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി ലോൺരജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ തയ്യാറാക്കി ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5, B-6 എന്നിവയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുക ഒടുക്കിയ ഉദ്യോഗസ്ഥൻ, റിപ്പോർട്ട്, ഖണ്ഡിക നം. എന്നിവ ലഭ്യമല്ല.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|---|
| 2016-17 | 2(2) | 900 | 1220100510/25.07.22 | ലഭ്യമല്ല |
| 2016-17 | 2(1) | 250 | 1220100791/14.09.22 | ലഭ്യമല്ല |
| | | 9520 | 1220101430/ 29.12.2022 | ലഭ്യമല്ല |
| | ആകെ | 10670 | | |

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

ഒന്നുമില്ല.

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

തുകയൊന്നും ഈടാക്കിയിട്ടില്ല.

**(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

തുകയൊന്നും ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| വിശദാംശങ്ങൾ | തുക (₹) |
|---|---|
| മുന്നിരിപ്പ് | ₹3,32,59,285 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹6,71,92,884 |
| ആകെ | ₹10,04,52,169 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹5,74,26,828 |
| നീക്കിയിരിപ്പ് | ₹4,30,25,341 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 98,465 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,00,000 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഇല്ല.**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക- ഇല്ല.**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 1,00,000 | ശ്രീ.ലാലീമോൻ.വി അസി.സെക്രട്ടറി |
| | 1,00,000 | |

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 30225 | ശ്രീ.രാജേഷ്.കെ.ടി, അസി.എഞ്ചിനിയർ |
| 1-29 | 68240 | ശ്രീ.രാജേഷ്.കെ.ടി, അസി.എഞ്ചിനിയർ |
| | 98465 | |

**കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേഷ്.കെ.ടി ,അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ , പുളൂർ ഗ്രാമപഞ്ചായത്ത്. | കാലടി താഴത്ത് വീട് , |

| | | |
|---|---|---|
| | | കുറ്റനാട് പി.ഓ ഒറ്റപ്പാലം പാലക്കാട് ജില്ല. |
| ശ്രീ.ലാലീമോൻ.വി അസി.സെക്രട്ടറി | അസി.സെക്രട്ടറി | ഇല്ലത്തുപറമ്പ് പുറക്കോട് അമ്പലപ്പുഴ ആലപ്പുഴ ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽഎഫ്.പി(13)/1768/08/13.5.10 | മുഴുവൻ | |
| 1996-97 | എൽ.എഫ്.പി13/1769/08/13.5.10 | മുഴുവൻ | |
| 1997-98 | എൽ.എഫ്.പി13/1770/08/13.5.10 | മുഴുവൻ | |
| 1998-99 | എൽ.എഫ്.പി13/1771/08/13.5.10 | മുഴുവൻ | |
| 1999-00 | എൽ.എഫ്.പി13/1772/08/13.5.10 | മുഴുവൻ | |
| 2000-01 | എൽ.എഫ്.പി13/1773/08/13.5.10 | മുഴുവൻ | |
| 2001-02 | എൽ.എഫ്.പി13/1774/08/13.5.10 | മുഴുവൻ | |
| 2002-03 | എൽ.എഫ്.പി22/948/14 /18.11.14 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി22/949/14 /18.11.14 | മുഴുവൻ | -ടി- |
| 2004-05 | എൽ.എഫ്.പി22/950/14 /17.11.14 | മുഴുവൻ | -ടി- |
| 2005-06 | എൽ.എഫ്.പി22/2014/ 7.11.14 | മുഴുവൻ | -ടി- |
| 2006-07 | എൽ.എഫ്.പി22/952/14 /17.11.14 | മുഴുവൻ | -ടി- |
| 2007-08 | എൽ.എഫ്.പി22/953/14 /7.8.14 | മുഴുവൻ | -ടി- |
| 2008-09 | എൽ.എഫ്.പി22/954/14 /7.8.14 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2009-10, 2010-11 | എൽ.എഫ്.പി22/955/14 /15.12.14 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി22/1084/15 /14.7.15 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2012-13 | നം.എൽ.എഫ്.പി22/639 /2015/11-8-15 | മുഴുവൻ | ഫർദർ റിപ്പോർട്ട് |
| 2013-14 & 2014-15 | നം.കെ.എസ്.എ.പി.കെ.ഡി22/1430 /16/9-8-16 | മുഴുവൻ | |
| 2015-16 | കെ. എസ്.എ.പി.കെ.ഡി-24/226 /2017/28-1-2017 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ. എസ്.എ.പി.കെ.ഡി-24/1983/2017 തീയ്യതി. 13-10-2017 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | കെ. എസ്.എ.പി.കെ.ഡി-24/886/2019 തീയ്യതി. 22-8-2019 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2018-19 | കെ.എസ്.എ.പി.കെ.ഡി-9/ 112/21 16-4-2021 | മുഴുവൻ | |
| 2019-20 | കെ.എസ്.എ.പി.കെ.ഡി-9/1252 /22/22.07.2022 | മുഴുവൻ | |
| 2019-20 | കെ.എസ്.എ.പി.കെ.ഡി-9/1252 /22/22.07.2022 | മുഴുവൻ | |
| 2020-21 | കെ.എസ്.എ.പി.കെ.ഡി-9/1253 /22/22.07.2022 | മുഴുവൻ | |
| 2021-22 | കെ.എസ്.എ.പി.കെ.ഡി-21/610 /2023/24.04.2023 | മുഴുവൻ | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിലെ ഖണ്ഡികകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് തീർപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 12-09-2023 and submitted on 12-09-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Sholayur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Sholayur Grama Panchayat for the year 2022-2023

**Date: 28/12/2023**

**Deputy Director**
**District Office Palakkad**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Sholayur Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. Basic ratios and notes to accounnts are not included in the annual financial statements as required under Rule 62(e), (f) of KPR (Accounts) Rules 2011.

2.Schedules of the following financial statements are not submitted. B1-schedule

3.Cash flow statement-Net increase/decrese in cash flow does not match with the difference between OB and CB of cash and cash equivalents

4. Journal Entries Not Done Intime- Journal entries are not done intime for the items required accrual entry. Eg. property tax receivables.

5.Asset register is not updated and linked to ILGMS. Hence the accuracy of assets and liabilitiy amounts shown in the balance sheet of the annual financial statement could not be ascertained.
6.The worksheets for calculating depreciation are not produced for audit. So the accuracy of the Depreciation amount could not be ascertained.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം

1.

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3600513.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 98720.00 |
| 140000000 | Fee & User Charges | I-4 | 2448806.00 |
| 150000000 | Sale & Hire Charges | I-5 | 48730.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 285836074.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 522859.00 |
| 180000000 | Other Income | I-9 | 51613.00 |
| 190000000 | Prior Period Income | I-19 | -173524.00 |
| | **Total Income** | | **292607315.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 13014481.00 |
| 220000000 | Administrative Expenses | I-11 | 1356604.00 |
| 230000000 | Operations & Maintenance | I-12 | 3621056.00 |
| 240000000 | Interest & Finance Charges | I-13 | 11898.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 17338153.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 80453570.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 15693160.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 125664049.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 32316800.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1579647.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 12968476.00 |
| | **Total Expenditure** | | **304017894.00** |
| | **Gross Surplus / Deficit of income over Expenditure** | | **-11410579.00** |
| | **Gross Surplus / Deficit of income over Expenditure** | | **-11572214.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 11889.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-161635.00** |

2.

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 33048540.00 |
| Cash | Cash | RP-40(a) | 210745.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1085538.00 |
| 130000000 | Rental income from Panchayat Properties | RP-3 | 84500.00 |
| 140000000 | Fees & User Charges | RP-4 | 2230133.00 |
| 150000000 | Sale & Hire Charges | RP-5 | 48730.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 8613000.00 |
| 171000000 | Interest Earned | RP-9 | 522816.00 |
| 190000000 | Prior Period Income | RP-11 | 13711.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 50728988.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3254374.00 |
| 460000000 | Loans, Advances and Deposits | RP-49 | 16000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 10670.00 |
| 340000000 | Deposits Received | RP-33 | 70655.00 |
| 350000000 | Other Liabilities | RP-35 | 513769.00 |
| | **Grand total** | | **100452169.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 2000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1027349.00 |
| 460000000 | Loans, Advances and Deposits | RP-49 | 2146602.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 432510.00 |
| 350000000 | Other Liabilities | RP-35 | 53818367.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 42905288.00 |
| Cash | Cash | RP-40(b) | 120053.00 |
| | **Grand Total** | | **100452169.00** |

3.

| BALANCE SHEET | | | |
|---|---|---|---|
| As on 31 March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -44678986.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 150204254.00 |
| | **Total Reserve & Surplus** | | **105525268.00** |
| | **Grants, Contributions for Specific Purposes** | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 44937304.00 |
| | **Total Grants, Contributions for Specific Purposes** | | **44937304.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 12806295.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **12806295.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1566899.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3086877.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **4653776.00** |
| | **TOTAL LIABILITIES** | | **167922643.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 942145.00 |
| 412000000 | Capital Work in Progress | B-11(b) | 8021744.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 4194838.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 50906109.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 106017856.00 |
| 416000000 | Accumulated Depreciation | B-11(a) | -62676641.00 |
| | **Total Fixed Assets** | | **107406051.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2036650.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 12806295.00 |
| 450000000 | Cash and Bank Balance | B-17 | 43025341.00 |
| 460000000 | Loans, Advances and Deposits | B-18 | 2648306.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **60516592.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **167922643.00** |

Deputy Director